## പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2621

09.07.2015-ൽ മറുപടിയ്ക്ക്

# ആധാരങ്ങളുടെ ഓൺലൈൻ രജിസ്ട്രേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.രാധാകൃഷ്ണൻ<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ.അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| എ) | സംസ്ഥാനത്ത് ആധാരങ്ങളുടെ രജിസ്ട്രേഷൻ ഓൺ ലൈൻ വഴി ആക്കുന്ന നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; ഇത് എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത് ; | എ) | ആധാര രജിസ്ട്രേഷന് ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ആധാരവിവരങ്ങൾ തയ്യാറാക്കി ഓൺലൈനായി സമർപ്പിക്കുവാനും കക്ഷിയുടെ സൗകര്യത്തിന് അനുസരിച്ച് രജിസ്ട്രേഷനുള്ള തീയതിയും സമയവും മുൻകൂട്ടി നിശ്ചയിച്ചുകൊണ്ട് ടോക്കൺ എടുക്കാനുമുള്ള സൗകര്യമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. |
| ബി) | എത്ര സബ് രജിസ്ട്രാർ ഓഫീസുകളിൽ ഇതിനകം ഓൺലൈൻ രജിസ്ട്രേഷൻ നടപ്പാക്കാനായി എന്ന് അറിയിക്കാമോ ; ഇതിന്റെ നടപടിക്രമം വിശദമാക്കാമോ ; | ബി) | ആധാര രജിസ്ട്രേഷനു വേണ്ടി ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. ആധാരം തയ്യാറാക്കിയശേഷം രജിസ്ട്രേഷനു ഹാജരാക്കുന്നതിനു മുമ്പായി ആധാരവിവരങ്ങൾ ഓൺലൈനായി സമർപ്പിച്ച് ആധാര രജിസ്ട്രേഷനുള്ള സമയം മുൻകൂട്ടി അറിയാനുള്ള സൗകര്യമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ഈ സൗകര്യം തിരുവനന്തപുരം ജില്ലയിലെ 41 സബ് രജിസ്ട്രാർ ഓഫീസുകളിലും ലഭ്യമാണ്. |

(….2)

| | | | |
|---|---|---|---|
| സി) | ഓൺലൈൻ രജിസ്ട്രേഷൻ നടപ്പാക്കിയ സബ് രജിസ്ട്രാർ ഓഫീസുകളിലെ വസ്തു രജിസ്ട്രേഷൻ സംബന്ധിച്ച് വ്യാപകമായ പരാതി ഉയർന്നിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) & ഡി) | മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| ഡി) | ഓൺലൈൻ രജിസ്ട്രേഷന് കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ആവശ്യമായ പശ്ചാത്തല സൗകര്യങ്ങളുടെ കുറവും, ഉദ്യോഗസ്ഥർക്ക് മതിയായ പരിശീലനം നൽകാത്തതും രജിസ്ട്രേഷൻ നടപടികളിൽ അപാകതകൾ ഉണ്ടാകുന്നതിന് കാരണമായിട്ടുണ്ടോ ; ഇത് പരിശോധിച്ചിട്ടുണ്ടോ വിശദമാക്കാമോ ? | | |

സെക്ഷൻ ഓഫീസർ